## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

03.04.2018 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.660

## വനമേഖലയിൽ ടൂറിസം സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എസ് രാജേന്ദ്രൻ<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.കാരാട്ട് റസാഖ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ട്രക്കിംഗ് അടക്കമുള്ള പരിപാടികൾ ഒരുക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഇക്കോ ടൂറിസത്തിന്റെ ഭാഗമായി നടത്തുന്ന കാനന യാത്രകൾ (ട്രക്കിംഗ്) ഒറ്റ ദിവസത്തേക്കായോ, രണ്ടോ മൂന്നോ ദിവസങ്ങൾക്കായും ഏർപ്പെടുത്താറുണ്ട്. ഇങ്ങനെയുള്ള യാത്രകളിൽ ആദിവാസി വിഭാഗക്കാരായ പരിചയ സമ്പന്നരായ ഇക്കോ ടൂറിസം ഗൈഡുകൾ സഞ്ചാരികളെ അനുഗമിക്കുന്നു. വനത്തിൽ രാത്രികാലങ്ങളിൽ തങ്ങുന്നതിനായി മച്ചാനുകൾ, ഫയർ വാച്ച് ടവറുകൾ, ഡോർമിറ്ററികൾ, ടെന്റുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. നിലവിലുള്ള കാനന പാതകളും, കെട്ടിടങ്ങളും മാത്രമാണ് ട്രെക്കിംഗിനായി ഉപയോഗപ്പെടുത്തുന്നത്. കേരളത്തിലെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും സുരക്ഷയ്ക്കായി ഗൈഡുകളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. പ്രത്യേകിച്ച് വെള്ളച്ചാട്ടങ്ങളിലും, ബാത്തിംഗ് സൈറ്റുകളിലും സുരക്ഷാ ഗൈഡുകളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് സഞ്ചാരികളെ കടത്തി വിടുന്നത്. കൂടാതെ ബോട്ടിംഗ് നടത്തുമ്പോൾ സഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റുകൾ പോലുള്ള സുരക്ഷാ ഉപകരണങ്ങൾ നൽകുന്നു. |
| ബി) പ്രസ്തുത മേഖലകളിൽ കാട്ടുതീ, ശക്തമായ മഴയും കാറ്റും തുടങ്ങിയവ മൂലം എന്തെങ്കിലും ദുരന്തമുണ്ടായാൽ അടിയന്തിരമായി നേരിടുന്നതിന് പര്യാപ്തമായ സംവിധാനങ്ങൾ വനംവകുപ്പിനുണ്ടോ; | (ബി) ഇക്കോ ടൂറിസം മേഖലകളിൽ ശക്തമായ കാറ്റ്, മഴ, കാട്ടുതീ പോലുള്ള പ്രതിഭാസങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള കാലാവസ്ഥയിൽ ട്രക്കിംഗ് പരിപാടികൾ നടത്താറില്ല. പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങളുടെ പരിമിതി കണക്കിലെടുത്ത് അനുകൂല കാലാവസ്ഥകളിൽ മാത്രമാണ് ഇത്തരം പരിപാടികൾ നടത്താറുള്ളത്. |
| (സി) തമിഴ്നാട്ടിലെ തേനിയിലുണ്ടായ കാട്ടുതീയിൽപ്പെട്ട് ട്രക്കിംഗ് സംഘത്തിലെ | (സി) കേരളത്തിലെ വനമേഖലകളിലെ താരതമ്യേന അപകടം കുറഞ്ഞ മേഖലകളിലാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത്. കൂടാതെ പ്രതികൂല |

| | |
|---|---|
| പതിനേഴുപേർ മരിക്കാനിടയായ സാഹചര്യത്തിൽ, സംസ്ഥാനത്തെ ഇക്കോ ടൂറിസം രംഗത്ത് സുരക്ഷയും നിയന്ത്രണവും ഉറപ്പാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ; | കാലാവസ്ഥകളിൽ സന്ദർശകർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുമുണ്ട്. സന്ദർശകരുടെ പരിപാലനം കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. ഏറിവരുന്ന സന്ദർശക ബാഹുല്യം കണക്കിലെടുത്തും, ഇക്കോ ടൂറിസം മേഖലകളിലെ പാരിസ്ഥിതിക സുരക്ഷയും സന്ദർശക സുരക്ഷയും പരിഗണിച്ചും ആവശ്യമായ പരിഷ്കാരങ്ങൾ വനം വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ